**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 345 — 4. 2. 2013 - ൽ മറുപടിക്ക്

വിജിലൻസ് സംവിധാനം

ചോദ്യം

ശ്രീ.കെ.രാധാകൃഷ്ണൻ :
ശ്രീ.സാജുപോൾ :
ശ്രീ.കെ.കെ.നാരായണൻ :
ശ്രീ.വി.ശിവൻകുട്ടി :

(എ) വിജിലൻസ് സംവിധാനം സർക്കാർ ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതായുള്ള കേരള ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : ഇത്തരമൊരു നിരീക്ഷണത്തിന് ഇടയാക്കിയ സാഹചര്യം എന്തായിരുന്നു :

(ബി) ഇപ്പോഴത്തെ മന്ത്രിമാരുടെ പേരിലുള്ള വിജിലൻസ് കേസുകൾ, പുനരന്വേഷണവും തുടരന്വേഷണവും നടത്തി ഇല്ലാതാക്കാനും എഴുതിത്തള്ളാനും, രാഷ്ട്രീയ എതിരാളികൾക്കെതിരെ നിരന്തരം വിജിലൻസ് കേസെടുക്കാനും വിജിലൻസിനെ ദുരുപയോഗം ചെയ്തുവരുന്നതായ ആക്ഷേപം സംബന്ധിച്ച്, കോടതിയുടെ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ, പരിശോധിക്കുമോ ?

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

(എ) വിജിലൻസ് സംവിധാനം ഈ സർക്കാർ ദുരുപയോഗപ്പെടുത്തിയതായ ഒരു നിരീക്ഷണവും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഭാഗത്ത് നിന്നു ഉണ്ടായിട്ടില്ല.

(ബി) ഇപ്പോഴത്തെമന്ത്രിമാരുടെ പേരിലുള്ള കേസുകളുടെ അന്വേഷണങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി യാതൊരുവിധ ആക്ഷേപവും ഉന്നയിച്ചിട്ടില്ല. എന്നാൽ മുൻ മുഖ്യമന്ത്രി ശ്രീ.അച്യുതാനന്ദനെതിരെയുള്ള വിജിലൻസ് കേസിൽ, ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് അന്വേഷണ ഏജൻസിക്കെതിരെ നടത്തിയ പരാമർശം അടങ്ങുന്ന ജഡ്ജ്മെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ, ബഹുമാനപ്പെട്ട കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ മേൽ നടപടിയെപ്പറ്റി പരിശോധിക്കാൻ സാധിക്കുകയുള്ളൂ. രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഈ സർക്കാർ വിജിലൻസ് സംവിധാനം ഉപയോഗപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ആഫീസർ